# ഗുജറാത്ത്: ഫാസിസത്തിന്റെ വിജയം

നന്ദലാൽ. ആർ

"അടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ ഒരു ഹിന്ദുരാഷ്ട്രം പ്രതീക്ഷിക്കാവുന്നതാണ്. അപ്പോഴേക്കും ഞങ്ങൾ ഇന്ത്യയുടെ ചരിത്രവും പാക്കിസ്ഥാന്റെ ഭൂമിശാസ്ത്രവും മാറ്റിമറിക്കും".

ഗുജറാത്ത് തിരഞ്ഞെടുപ്പ് ഫലത്തിന് തൊട്ട് പിറകെ വന്ന വിശ്വഹിന്ദുപരിഷത്ത് മുഖ്യൻ പ്രവീൺ തൊഗാഡിയയുടെ വാക്കുകളാണിത്. അതു തന്നെയാണ് അവരുടെ ഉദ്ദേശവും. അതിനുള്ള പരീക്ഷണശാലയായിരുന്ന ഗുജറാത്തിൽ അവരുടെ പരീക്ഷണങ്ങൾ നല്ല വിജയം കൈവരിക്കുകയായിരുന്നു. എന്നിട്ട് അത്തരം വിജയത്തെ ഗുജറാത്തിലെ ജനങ്ങളുടെ ആത്മാഭിമാനത്തിന്റെ വിജയമായും രാജധർമ്മത്തിന്റെ വിജയമായും കൊട്ടിയാഘോഷിക്കുകയാണ്. ഇനി അടുത്ത വർഷം നടക്കാനിരിക്കുന്ന നിയമസഭാ തെരെഞ്ഞെടുപ്പുകളിൽ വിജയിക്കാൻ ചവിട്ടുപടിയുമായും ഗുജറാത്തിനെ 'ഹിന്ദുത്വ'നേതാക്കൾ കാണുന്നു.

ഗുജറാത്ത് ഫലം വെറും നിരാശാജനകം എന്നതിലുപരി, മതേതരത്തിൽ അധിഷ്ഠിതമായ ഇന്ത്യയുടെ നിലനിൽപിനും, ഭാവിക്കും തന്നെ തീർത്തും ഭീഷണിയാകുന്ന തരത്തിലുള്ള ഒന്നാണ്. കാരണം ഇത്തരം പരീക്ഷണങ്ങൾ രാജ്യം മുഴുവൻ ആവർത്തിക്കപ്പെട്ടേക്കാം. ഇത് ഭരണഘടനയിൽ പറയുന്ന പോലെയുള്ള സ്വതന്ത്രജനാധിപത്യ ആശയങ്ങൾ വച്ചുപുലർത്തിക്കൊണ്ട് തന്നെ ഇന്നും ജീവിക്കുന്ന ലക്ഷക്കണക്കിന് ഇന്ത്യക്കാരോടുള്ള ഒരു വലിയ വെല്ലുവിളിയാണ്.

ഗുജറാത്തിൽ ഹിന്ദുത്വശക്തികൾ നേടിയത് ശങ്കർസിംഗ് വഗേല പറഞ്ഞപോലെ ശവശരീരങ്ങളുടെ മേലുള്ള ഒരു വിജയം തന്നെയായിരുന്നു. വെറുപ്പിനെ ഒരു മികച്ച പ്രചരണോപാധിയാക്കുകയായിരുന്നു മോഡിമാർ ചെയ്തത്. ഗോധ്രക്കു ശേഷമുള്ള ഇലക്ഷൻ പ്രചരണങ്ങളടക്കമുള്ള എല്ലാ പരിപാടികളിലും മോഡിമാർ ചെയ്തത് ഒരു പോലെയുള്ള മുസ്ലീം വിരുദ്ധ ഭാഷണങ്ങളായിരുന്നു. അതുകൂടാതെ ഹിന്ദുത്വത്തെ അംഗീകരിക്കാത്ത എല്ലാവരേയും രാജ്യദ്രോഹികളാണെന്ന് മുദ്രകുത്തുകയും ചെയ്തു.

ഇത്രയും വലിയ കൂട്ടക്കൊല നടത്തിയിട്ടും, പതിവായി കാണാറുള്ള നിലനിൽക്കുന്ന ഗവൺമെന്റിനെതിരെയുള്ള വിരോധം മുതലായ ഘടകങ്ങൾ പോലും ഇവിടെ ഉണ്ടായില്ല എന്നുള്ളതും, വിജയത്തിന്റെ നിരക്ക് വളരെ കൂടി എന്നുള്ളതും ഇവരുടെ പരീക്ഷണത്തിന്റെ വിജയം തന്നെയാണ് കാണിക്കുന്നത്. അതുകൊണ്ടുതന്നെ ഗുജറാത്തിൽ നടന്ന ഈ വർഗ്ഗീയപരീക്ഷണം മറ്റ് സംസ്ഥാനങ്ങളിൽ ഒരു തത്വം എന്ന രീതിയിൽ തന്നെ നടത്തപ്പെടാം എന്നുള്ളത് എല്ലാ സ്വതന്ത്രജനാധിപത്യ മതേതരവാദികളേയും വീർപ്പുമുട്ടിക്കുന്നതാണ്.

കോൺഗ്രസിന്റെ കൊള്ളരുതായ്മയാണ് ഹിന്ദുത്വവാദികളുടെ വിജയത്തിനുള്ള ഒരു പ്രധാന കാരണം. കോൺഗ്രസാണ് ജയിച്ചതെങ്കിൽ വളരെ നന്നാകുമായിരുന്നു എന്നോ ഇത്തരം പരീക്ഷണങ്ങൾ ഇനി നടക്കുകയില്ലായിരുന്നു എന്നോ ഒന്നും ഇതിനർത്ഥമില്ല. ഗുജറാത്തിൽ ബി. ജെ. പി. യുടെ മറ്റൊരു പതിപ്പ് തന്നെയാണ് കോൺഗ്രസും. പക്ഷേ, കോൺഗ്രസ് ആണ് വന്നതെങ്കിൽ ഇത്തരത്തിൽ ഒരു നിർദ്ദയമായ കൂട്ടക്കൊലക്കും മറ്റും സർക്കാർ ഉപാധികളേയും ബ്യൂറോക്രസിയേയും മറ്റും പൂർണ്ണമായും ഉപയോഗിക്കാൻ ഹിന്ദുമുന്നണിക്ക് കഴിയുകയുമില്ല. പക്ഷേ, കോൺഗ്രസ് എന്താണ് ചെയ്തത്? ഒരു വിധം മണ്ഡലങ്ങളിലൊന്നും ജനസമ്മതരായ സ്ഥാനാർത്ഥികളെ നിർത്തിയിരുന്നില്ല. പണം കൊടുത്ത് മത്സരിക്കാനുള്ള ടിക്കറ്റ് വാങ്ങിയവരായിരുന്നു ഒട്ടുമിക്ക സ്ഥാനാർത്ഥികളും. കൂടാതെ ഹിന്ദുമുന്നണിയെപ്പോലെ തന്നെയാണ് ഞങ്ങളുമെന്ന് കാണിക്കാൻ തിരഞ്ഞെടുപ്പ് പ്രചരണത്തിന് ധാരാളമായി സന്യാസിമാരെയും മറ്റും കോൺഗ്രസ് ഉപയോഗിച്ചു. ചിലയിടങ്ങളിൽ ഇത്തരം സംഭവങ്ങൾ കോൺഗ്രസിൽ മത്സരിക്കാനുദ്ദേശിച്ചിരുന്ന ജനസമ്മതരായ സ്ഥാനാർത്ഥികളെ ചൊടിപ്പിച്ചു. അവർക്ക് സീറ്റ് നൽകാതിരുന്നപ്പോൾ അവർ വിമതരായി മത്സരിച്ചു. ഇത് കോൺഗ്രസിന്റെ തന്നെ വോട്ട് ബാങ്കുകളിൽ പിളർപ്പുണ്ടാക്കി. ഇത്തരം ചില മണ്ഡലങ്ങളിൽ ഹിന്ദുമുന്നണി ജയിക്കാൻ സാധ്യതയില്ലായിരുന്നിട്ടുകൂടി, അവർ വിജയിച്ചു.

ഹിന്ദുശക്തികളുടെ എല്ലാ കെണികളും ഒരു ഹിന്ദുരാഷ്ട്ര നിർമ്മാണ സങ്കല്പം മുന്നിൽ കണ്ടുകൊണ്ടുള്ളതാണ്. ഇതിന് അവർ വർഗ്ഗീയമാർഗ്ഗങ്ങളാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നതും. അതുകൊണ്ടുതന്നെ ഹിന്ദുത്വത്തിനെതിരെയുള്ള പോരാട്ടം തിരഞ്ഞെടുപ്പു രംഗങ്ങളിൽ ഒതുങ്ങാതെ അതിൽ നിന്നും വളരെ അപ്പുറത്ത് സാമൂഹ്യസാംസ്കാരിക മണ്ഡലങ്ങളിലും കൂടി ഊന്നിയുള്ളതായിരിക്കണം എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്.